# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 5123

28-10-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി.ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പണി വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഇല്ല. കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട് (Milestones). ഇതുപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഇന്റിപെന്റന്റ് എഞ്ചിനീയർ വിലയിരുത്തുന്നതാണ്. ആദ്യ നാഴികക്കല്ലായ 2016 ഡിസംബർ 4-ാം തീയതി (നിർമ്മാണം തുടങ്ങി ഒരു വർഷം പൂർത്തിയാകുന്ന ദിവസം) ഇതു സംബന്ധിച്ചുള്ള കരാർ പ്രകാരമുള്ള വിലയിരുത്തൽ നടത്തുന്നതായിരിക്കും. |
| (ബി) എത്ര ദിവസം കൊണ്ട് പണി പൂർത്തീകരിക്കുമെന്നാണ് അദാനി ഗ്രൂപ്പ് കോൺട്രാക്റ്റിംഗ് കമ്പനി സർക്കാരിന് ഉറപ്പ് നൽകിയിരിയ്ക്കുന്നത്; | (ബി) കരാർ പ്രകാരം പണി പൂർത്തിയാക്കി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5 -ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കരാർ പ്രകാരം നാലുവർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കൺസഷനയറും 1000 ദിന കർമ്മ പരിപാടി |

| | |
|---|---|
| | പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമായാൽ 2018 ആഗസ്റ്റ് 31 ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) വിഴിഞ്ഞം തുറമുഖ പദ്ധതി നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം തുറമുഖകമ്പനിയും കൈക്കൊള്ളുന്നുണ്ട്. കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി പദ്ധതിക്കാവശ്യമായ മൊത്തം ഭൂമിയുടെ 90% കൈമാറൽ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി നേടിയെടുക്കൽ, നിർമ്മാണത്തിനാവശ്യമായുള്ള വൈദ്യുതി, ജലം എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ എന്നീ കാര്യങ്ങൾ ഇതിനകം നിർവ്വഹിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചയും പദ്ധതിയുടെ പുരോഗതിയും നേരിടുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**